പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി നിയമിക്കുന്നതിന് നിയമ തടസ്സമുള്ളതായി ആക്ടിൽ കാണുന്നില്ല.

(ഇ) ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല.

(എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ സർവ്വകലാശാല ആക്ടിൽ സ്പഷ്ടമല്ല.

ബി.എ, ബി.എസ്.സി, ബി.കോം കോഴ്സുകൾ

4(2833) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.എ, ബി.എസ്.സി, ബി.കോം എന്നീ കോഴ്സുകൾക്ക് സർക്കാർ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത കോഴ്സുകളിൽ തൊഴിലധിഷ്ഠിത വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല

5(2841) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്ന നടപടി സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കും എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമായിരിക്കും എന്ന് വിശദീകരിക്കാമോ; നിബന്ധനകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും പ്രാരംഭ യോഗമോ സംഗമമോ നടത്തുന്നുണ്ടോ; അതിനായി എത്ര രൂപ ചെലവാകും; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ ചെലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

GPM. 2/241/2020-10

LIBRARY ARCHIVES Kerala Legislative Assembly